തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Divya S Iyer IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലാർക്ക്/അക്കൌണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുജിത്ത്. ആർ -ന്റെ ഹെഡ് ക്ലർക്ക്/അക്കൌണ്ടന്റ് തസ്തികയിലെ സീനിയോരിറ്റി പുനർ ക്രമീകരിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ. LSGD/PD/28291/2026-GEA3 തീയതി: 14-10-2026

പരാമർശം:

1) തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 31.08.2026 തീയതിയിലെ LSGD/JD/TVM/759/2025-D4 നമ്പർ കത്ത്.
2) പ്രിൻസിപ്പൽ ഡയറക്ടറുടെ 13/09/2026 തീയതിയിലെ LSGD/PD/28304/2026-DEB4 നമ്പർ ഉത്തരവ്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 23/06/2026 തീയതിയിലെ LSGD/PD/46723/2023-GEA5 നമ്പർ ഉത്തരവ്.
4) പ്രിൻസിപ്പൽ ഡയറക്ടറുടെ 17/09/2026 തീയതിയിലെ LSGD/PD/28291/2026-GEA3 നമ്പർ നോട്ടീസ്.

ഉത്തരവ്

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലാർക്ക്/അക്കൌണ്ടന്റ് തസ്തികയിൽ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുജിത്ത്. ആർ എന്നയാളുടെ ഹെഡ് ക്ലർക്ക്/ അക്കൌണ്ടന്റ് തസ്തികയിലെ സീനിയോരിറ്റി പുനർ നിശ്ചയിക്കുന്നതിനായി പരാമർശം (1) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതും പരാമർശം (2) പ്രകാരം 02/08/2019 തീയതി പ്രാബല്യത്തിൽ ടിയാൻറെ ഹെഡ് ക്ലാർക്ക്/അക്കൌണ്ടന്റ് തസ്തികയിലെ സ്ഥാനക്കയറ്റ തീയതി പുനർ ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലർക്ക്/അക്കൌണ്ടൻറ് തസ്തികയിലെ ജീവനക്കാരുടെ 01.01.2026 തീയതി അടിസ്ഥാനമാക്കി പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ടിയാൻറെ സ്ഥാനക്കയറ്റ തീയതിയായ 02.08.2019 കണക്കാക്കി ക്രമ നമ്പർ 165-ശ്രീ ശ്രീകാന്ത്.കെ.എസ് (ഫീഡർ കാറ്റഗറി നമ്പർ 1034) എന്നയാളിനും ക്രമ നമ്പർ 166 - ശ്രീ സമീർ ഖാൻ.എ (ഫീഡർ കാറ്റഗറി നമ്പർ1035) എന്നയാളിനും ഇടയിലായി 165A ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ടി കരട് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലർക്ക്/അക്കൌണ്ടൻറ് തസ്തികയിലെ ജീവനക്കാരുടെ 01.01.2026 തീയതി അടിസ്ഥാനമാക്കി സൂചന (3) പ്രകാരം

പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ടിയാൻറെ സ്ഥാനക്കയറ്റ തീയതിയായ 02.08.2019 കണക്കാക്കി ക്രമ നമ്പർ 165-ശ്രീ ശ്രീകാന്ത്.കെ.എസ് (ഫീഡർ കാറ്റഗറി നമ്പർ 1034) എന്നയാളിനും ക്രമ നമ്പർ 166 - ശ്രീ സമീർ ഖാൻ.എ (ഫീഡർ കാറ്റഗറി നമ്പർ1035) എന്നയാളിനും ഇടയിലായി 165A ആയി ഉൾപ്പെടുത്തി ഹെഡ് ക്ലർക്ക്/അക്കൌണ്ടൻറ് തസ്തികയിലെ പ്രസ്തുത സീനിയോരിറ്റി പട്ടിക പുനർ ക്രമീകരിച്ചും ആയതു പ്രകാരം ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. സെക്രട്ടറി, മണമ്പൂർ ഗ്രാമപഞ്ചായത്ത് (ജോയിൻറ് ഡയറക്ടർ മുഖേന)
3. വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
4. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ DEB3 സെക്ഷൻ
5. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Digitally signed by
DIVYA S IYER
Date: 14-10-2026
16:08:21